# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 127/2025** **തിരുവനന്തപുരം, തീയതി: 13.06.2025**

# പത്രക്കുറിപ്പ്

## പുനർമൂല്യനിർണ്ണയ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല 2024 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ FYUGP പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന്റെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയ ത്തിലുണ്ടായ മാർക്ക് വ്യത്യാസം സ്റ്റുഡന്റ് പ്രൊഫൈലിൽ ലഭ്യമാണ്.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ജൂൺ 20 ന് നടത്താൻ നിശ്ചയിച്ചിരുന്ന ബിഎ പാർട്ട് III (ആന്വൽ സ്കീം) ഏപ്രിൽ 2025 പരീക്ഷയുടെ സബ്സിഡിയറി ജനറൽ എക്കണോമിക്സ് പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് കോളേജ് ഫോർ വിമൻസ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫീസ് തീയതി ദീർഘിപ്പിച്ചു

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബിഎ/ബിഎസ്സി/ബികോം/ ബിപിഎ/ബിബിഎ/ബിസിഎ/ബിഎംഎസ്/ബിഎസ്ഡബ്ല്യു/ബിവോക് കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ജൂലൈ 2025 പരീക്ഷകൾക്ക് ഫീസടയ്ക്കുന്നതിന് പിഴകൂടാതെ 2025 ജൂൺ 17 വരെയും 150/- രൂപ പിഴയോടെ ജൂൺ 19 വരെയും 400/- രൂപ പിഴയോടെ ജൂൺ 21 വരെയും തീയതി ദീർഘിപ്പിച്ചിരിക്കുന്നു.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബിവോക് സോഫ്ട്വെയർ ഡെവലപ്മെന്റ് (351) പരീക്ഷയുടെ പ്രാക്ടിക്കൽ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

കേരളസർവകലാശാലയുടെ പാർട്ട് ഒന്ന്, രണ്ട് ബിഎ/ബിഎ അഫ്സൽ - ഉൽ - ഉലാമ (സാഹിത്യാചാര്യ/രാഷ്ട്രഭാഷ പ്രവീൺ പാസ്സായ വിദ്യാർത്ഥികൾ ഉൾപ്പെടെ)/ ബികോം/ബിഎസ്സി (ആന്വൽ/എസ്.ഡി.ഇ.) റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ് ജൂലൈ 2025 പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## വൈവവോസി/ വൈവവോസി തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2025 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബിഎ സോഷ്യോളജി (റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി - 2021 &

2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 - 2019 അഡ്മിഷൻ) പരീക്ഷയുടെ വൈവാവോസി 2025 ജൂൺ 18, 19, 20 തീയതികളിൽ കാര്യവട്ടം യൂണിവേഴ്സിറ്റി ഓഫ് എഞ്ചിനീയറിംഗിലെ ഗോൾഡൻ ജൂബിലി മെമ്മോറിയൽ ഹാളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**[www.keralauniversity.ac.in](http://www.keralauniversity.ac.in)**).

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ കേന്ദ്രം 2025 മെയ് 29, 30 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ MLISc വൈവവോസി പഴയ ടൈംടേബിൾ പ്രകാരം 2025 ജൂൺ 23, 24 തീയതികളിലേക്ക് യഥാക്രമം പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

## <u>സൂക്ഷ്മപരിശോധന</u>

കേരളസർവകലാശാല 2024 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽഎൽബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി 2025 ജൂൺ 16, 17, 18 തീയതികളിൽ റീവാല്യുവേഷൻ ഇ.ജെ. X സെക്ഷനിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries **[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)**/
**website:** **[www.keralauniversity.ac.in](http://www.keralauniversity.ac.in)**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**